പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6154 | 02.04. 2018 ൽ മറുപടിക്ക്

## പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ

ചോദ്യം

ശ്രീ.പി.ടി.എ.റഹീം

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) മാവൂർ ഗ്രാമപഞ്ചായത്തിലെ പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ വിഛേദിച്ചതുകാരണം പ്രദേശത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമംനേരിടുന്നതായപരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത വൈദ്യുതി കണക്ഷൻ ആരുടെ പേരിലായിരുന്നുവെന്ന് വ്യക്തമാക്കാമോ;<br>(സി) കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ), (ബി)& (സി): പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി മാവൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ മാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കൺസ്യൂമർ നമ്പർ 16449 ആയി കാർഷികാവശ്യത്തിന് നൽകിയിട്ടുള്ളതാണ്. 21.12.2014ന് കെ.എസ്.ഇ.ബി.യുടെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രസ്തുത സ്ഥലം പരിശോധന നടത്തുകയും ഗാർഹിക ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യുന്നതായി കണ്ടെത്തുകയും താരിഫ് ദുരുപയോഗം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 07.01.2015ന് 99,178/- രൂപയുടെ ബില്ല് നൽകുകയും ചെയ്തു.<br>പ്രസ്തുത കണക്ഷന് നിലവിൽ 2,17,608/- രൂപ മുതലും 1,21,527/- രൂപ പലിശ ഉൾപ്പെടെ 3,39,145/- രൂപയുടെ കുടിശ്ശികയുണ്ട്. ടി ബിൽ തുകയ്ക്ക് തവണകൾ അനുവദിക്കുകയോ കുറഞ്ഞ പലിശ നിരക്കിലുള്ള ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി അനുവദിക്കുകയോ ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതും, തുക അടയ്ക്കുന്ന മുറയ്ക്ക് കാർഷികാവശ്യത്തിന് കണക്ഷൻ പുന:സ്ഥാപിച്ചു നൽകാവുന്നതും ആണ്. പദ്ധതി കുടിവെള്ള ആവശ്യത്തിനായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ താരീഫ് മാറ്റി ഉപയോഗിക്കുന്നതിനുള്ള അപേക്ഷ നൽകി നടപടി സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ